# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4680 — 27.06.2014-ൽ മറുപടിക്ക്

## വിവര പൊതുജന സമ്പർക്ക വകുപ്പു മുഖേനയുള്ള മാധ്യമ പരസ്യങ്ങളുടെ ചെലവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| എ) കഴിഞ്ഞ സാമ്പത്തിക വർഷം ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പു വഴി എത്ര മാധ്യമ പരസ്യങ്ങൾ നൽകിയെന്ന് വ്യക്തമാക്കാമോ; | എ) കഴിഞ്ഞ സാമ്പത്തിക വർഷം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പു വഴി ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഉൾപ്പെടെയുള്ള അച്ചടി മാധ്യമങ്ങൾക്ക് 1077 ഡിസ്പ്ലെ പരസ്യങ്ങളും, 7547 ടെൻഡർ / നോൺ ടെൻഡർ വിഭാഗത്തിൽപ്പെട്ട പരസ്യങ്ങളും, ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾക്കായി 12 പരസ്യങ്ങളും നൽകിയിട്ടുണ്ട്. |
| ബി) അത് ഏതെല്ലാം വകുപ്പുകളെ സംബന്ധിച്ചാണെന്നും എന്തെല്ലാം കാര്യങ്ങൾക്ക് വേണ്ടിയാണ് എന്നും വ്യക്തമാക്കാമോ; | ബി) ടൂറിസം ഒഴികെ സർക്കാരിലെ എല്ലാ വകുപ്പുകളുടെ പരസ്യങ്ങളും നൽകിയിട്ടുണ്ട്. വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചും, പ്രവർത്തനനേട്ടങ്ങളെ സംബന്ധിച്ചുമാണ് പരസ്യങ്ങൾ നൽകി വരുന്നത്. കൂടാതെ ടൂറിസം ഒഴികെയുള്ള എല്ലാ സർക്കാർ വകുപ്പുകളിൽ നിന്നുമുള്ള ടെൻഡർ, ദർഘാസുകൾ, ക്വട്ടേഷനുകൾ, ലേല പരസ്യം, വിജ്ഞാപനങ്ങൾ, കണ്ടുകെട്ടൽ, കണ്ടെത്തൽ, കാരണം കാണിക്കൽ എന്നീ പരസ്യങ്ങളും നൽകുന്നു. |

| | |
|---|---|
| സി) ഈ പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് എത്ര രൂപ ചെലവ് വന്നുവെന്ന് വ്യക്തമാക്കാമോ; | സി) ഡിസ്പ്ലെ പരസ്യങ്ങൾ പത്ര മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ചതിന് ഏകദേശം 20,52,11,010/- (ഇരുപത് കോടി അൻപത്തി രണ്ട് ലക്ഷത്തി പതിനൊന്നായിരത്തി പത്ത്) രൂപയും, ടെൻഡർ / നോൺ ടെൻഡർ വിഭാഗത്തിൽപ്പെട്ട പരസ്യങ്ങൾ പ്രസിദ്ധീകരിച്ചതിന് ഏകദേശം 12,20,15,073/- (പന്ത്രണ്ട് കോടി ഇരുപത് ലക്ഷത്തി പതിനയ്യായിരത്തി എഴുപത്തി മൂന്ന്) രൂപയും, ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിൽ പരസ്യം നൽകിയതിന് ഏകദേശം 9 കോടി രൂപയും ചെലവുവരും. |
| ഡി) എത്ര രൂപ പരസ്യയിനത്തിൽ മാധ്യമങ്ങൾക്ക് നൽകുവാനുണ്ട് എന്നും ഇതിന് ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട് എന്നും ഇത് എന്നത്തേയ്ക്ക് കൊടുത്തു തീർക്കാനാകുമെന്നും വ്യക്തമാക്കാമോ? | ഡി) ഏകദേശം 39 കോടി രൂപ പരസ്യയിനത്തിൽ മാധ്യമങ്ങൾക്ക് നൽകുവാനുണ്ട്. ഇതിന് ബഡ്ജറ്റിൽ 19 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുകയിൽ നിന്നും 2,45,07,085/- (രണ്ട് കോടി നാൽപ്പത്തിയഞ്ച് ലക്ഷത്തി ഏഴായിരത്തി എൺപത്തി അഞ്ച്) രൂപ ചെലവഴിച്ചിട്ടുണ്ട്. ഏകദേശം 3.5 കോടി രൂപ കൂടി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബാക്കി തുക ബഡ്ജറ്റ് പാസ്സായ ശേഷം കൊടുത്ത് തീർക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**